വനിതകെയർ പ്രൊവൈഡർ; അഭിമുഖം മാർച്ച് ആറിന്

കൊല്ലം: വനിതാ ശിശുവികസന വകുപ്പിന്റെ ഇഞ്ചവിള ഗവൺമെന്റ് ആഫ്റ്റർ കെയർ ഹോം ഫോർ അഡോളസെന്റ് ഗേൾസ് സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ മൾട്ടിടാസ്ക് വനിതകെയർ പ്രൊവൈഡർമാരെ നിയമിക്കുന്നതിനുള്ള അഭിമുഖം മാർച്ച് ആറിന് നടക്കും.

യോഗ്യത – എസ്.എസ്.എൽ.സി, പ്രായം 18നും 50നും ഇടയിൽ. യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം രാവിലെ 9.30ന് കെയർ ഹോമിൽ എത്തണം. ഫോൺ: 0474–2705546.

സി പി എം ആക്രമം തികഞ്ഞ കാടത്തം: എൻ കെ പ്രേമചന്ദ്രൻ എം പി

പരവൂരിൽ സി പി എം ഡിവൈഎഫ്ഐ ഗുണ്ടാ ആക്രമണത്തിന് ഇരയായ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് നാസറുദീനെ എൻ കെ പ്രേമചന്ദ്രൻ എം പി സന്ദർശിക്കുന്നു.

പരവൂർ: രാഷ്ട്രീയ പ്രതിയോഗികളെ അക്രമത്തിലൂടെ ഇല്ലായ്മ ചെയ്യാനുള്ള സി പി എം നീക്കം തികഞ്ഞ കാടത്തമാണെന്ന് എൻ കെ പ്രേമചന്ദ്രൻ എം പി. പരവൂരിൽ സി പി എം –ഡിവൈഎഫ്ഐ ഗുണ്ടാ ആക്രമണത്തിന് ഇരയായ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സന്ദർശിച്ചശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് നാസറുദീൻ, പ്രവർത്തകൻ അജേഷ് എന്നിവരെ ആക്രമിച്ച പ്രതികളെ ഉടൻ പിടികൂടാൻ പോലീസ് തയ്യാറാകണമെന്ന് എം പി ആവശ്യപ്പെട്ടു. ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭംഗം വരുത്തി, കേരളത്തെ കലാപഭൂമിയാക്കും വിധം സി പി എം നാടാകെ അക്രമവും കൊലപാതകവും നടത്തുകയാണ്. എന്നാൽ ഇത്തരം സംഭവങ്ങൾ ലഘൂകരിച്ച് കേരളത്തിന്റെ ക്രമസമാധാനനില മെച്ചപ്പെട്ടെന്ന് പരസ്യം ചെയ്യുന്ന മുഖ്യമന്ത്രിയെ ജനം തിരിച്ചറിയുന്നുണ്ടെന്ന് എൻ കെ പ്രേമചന്ദ്രൻ പറഞ്ഞു. ഡി സി സി ജന.സെക്രട്ടറി നെടുങ്ങോലം രഘു, കോൺഗ്രസ് പരവൂർ ബ്ലോക്ക് പ്രസിഡന്റ് പരവൂർ സജീബ്, പരവൂർ മോഹൻദാസ്, ആർ എസ് പി ചാത്തന്നൂർ മണ്ഡലം സെക്രട്ടറി പ്ലാക്കാട് ടിങ്കു എന്നിവരും എംപിയോടൊപ്പം ഉണ്ടായിരുന്നു.

പൊലീസിന്റെ വാഹന പരിശോധനയ്ക്കിടെ സ്ക്കൂട്ടർ യാത്രക്കാരൻ ടിപ്പർ ലോറിയിടിച്ചു മരിച്ചു

ഇരവിപുരം: പൊലീസ് വാഹനപരിശോധന നടത്തുന്നത് കണ്ട് ബ്രേക്കിട്ട സ്കൂട്ടർ യാത്രികൻ പിന്നാലെയെത്തിയ ടിപ്പർ ലോറിയിടിച്ച് തൽക്ഷണം മരിച്ചു. കിളികൊല്ലൂർ കന്നിമ്മേൽശാന്തി നഗർ 119 റഷീദ് മൻസിലിൽ ഷംസുദീൻ സുബൈദാ ദമ്പതികളുടെ മകൻ റഷീദ് 49 ആണ് മരിച്ചത്. ബുധനാഴ്ച ഉച്ചക്ക് 12.30 ഓടെ കൊല്ലംകണ്ണനല്ലൂർ റോഡിൽ പുന്തലത്താഴം മംഗലത്ത് മഹാലക്ഷ്മി ക്ഷേത്രത്തിന് സമീപമായിരുന്നു അപകടം. പുന്തലത്താഴത്ത് ഹോട്ടലിലേയ്ക്ക് കോഴി ഇറച്ചി നൽകാനായി സ്കൂട്ടറിൽ വരുമ്പോഴാണ് അപകടത്തിൽപ്പെട്ടത്. വീട്ടുപുരയിടത്തിൽ വാടകയ്ക്ക് നൽകിയിരുന്ന സ്ഥാപനത്തിലെ ജീവനക്കാരൻ ഇല്ലാത്തതിനാൽ പകരക്കാരനായാണ് ഷംസുദീൻ കോഴി ഇറച്ചിയുമായി പുറപ്പെട്ടത്.

റഷീദ് അയത്തിൽ നിന്ന് കണ്ണനല്ലൂർ ഭാഗത്തേക്ക് പോകുന്നതിനിടെ മംഗലത്ത് മഹാലക്ഷ്മി ക്ഷേത്രത്തിനും ബീവറേജസ് ഔട്ട്ലെറ്റിനും ഇടയിലുള്ള ഒരു മരത്തിന് താഴെ കൺട്രോൾ റൂം പൊലീസ് വാഹന പരിശോധന നടത്തുകയായിരുന്നു. സ്കൂട്ടറിന് പിന്നാലെയെത്തിയ ടിപ്പർ ലോറി നിറുത്തുന്നതിന് പൊലീസ് സിഗ്നൽ നൽകി. ഇതു കണ്ട് റഷീദും സ്ക്കൂട്ടർ ഇടതുവശത്തേക്ക് ഒതുക്കി നിറുത്താൻ ശ്രമിക്കുന്നതിനിടെ ടിപ്പർ ലോറി ഇടിച്ചു വീഴ്ത്തുകയായിരുന്നു. തലയ്ക്ക് മാരകമായി പരിക്കേറ്റ് തൽക്ഷണം മരിച്ചു. ആറു വർഷം മുമ്പാണ് റഷീദ് പ്രവാസം അവസാനിപ്പിച്ച് നാട്ടിലെത്തിയത്. സംഭവ സ്ഥലത്ത് പൊലീസിനെതിരെ നാട്ടുകാരുടെ പ്രതിഷേധം ഉണ്ടായി. ഇരവിപുരം, കൊല്ലം, കൊട്ടിയം പൊലീസ് സ്റ്റേഷനുകളിൽ നിന്നും കൂടുതൽ പൊലീസെത്തിയാണ് സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കിയത്. ഇരവിപുരം പൊലീസ് മേൽനടപടികൾ സ്വീകരിച്ചു. ഭാര്യ: റസിയ. സഹോദരി: മുംതാസ്.

ഉദ്യോഗസ്ഥർക്കെതിരെ നരഹത്യയ്ക്ക് കേസ് എടുക്കണം - യൂത്ത് കോൺഗ്രസ്

പുന്തലത്താഴം: പുന്തലത്താഴം ബിവറേജിന് സമീപം പോലീസ് പരിശോധനക്കിടെ അപകടത്തിൽ യുവാവ് മരിച്ച സംഭവത്തിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ നരഹത്യയ്ക്ക് കേസ് എടുത്ത് സർവ്വീസിൽ നിന്നും സസ്പെൻസ് ചെയ്യണമെന്ന് യൂത്ത് കോൺഗ്രസ് കൊല്ലം പാർലമെന്റ് ജനറൽ സെക്രട്ടറി ഷെഫീക്ക് കിളികൊല്ലൂർ അവശ്യപെട്ടു.

റോഡുകളിൽ വളവുകളും ജംഗ്ഷനുകളും ചേർന്ന് പോലീസ് പരിശോധന നിരോധിച്ചിട്ടുള്ള ഹൈക്കോടതി ഉത്തരവ് കാറ്റിൽ പറത്തി കൊണ്ടാണ് നിത്യേന പോലീസ് ഉദ്യോഗസ്ഥർ പരിശോധനയിലൂടെ പണപിരിവ് നടത്തുന്നത്.പുന്തലത്താഴത്ത് അപകടം നടന്നതും പരിശോധന നടന്നതും വളവിലും വലിയ ഇറക്കവുമായ റോഡിൽ അപകടം ഉണ്ടാകും എന്ന് അറിഞ്ഞ് കൊണ്ട് നടത്തിയ പരിശോധനയ്ക്ക് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥർക്ക് എതിരെ നരഹത്യയ്ക്ക് കേസ് എടുത്ത് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യണം.

സി പി എമ്മിന് രാഷ്ട്രീയ സാക്ഷരത നഷ്ടപ്പെട്ടു : സൂരജ് രവി

കൊല്ലം: സിപിഎം മനുഷ്യത്വ രഹിതരുടെ കൂട്ടായ്മയായി മാറിയെന്ന് യൂത്ത്കോൺഗ്രസ്സ് ആരോപിച്ചു. ഭരണമേറി 1000 ദിവസങ്ങൾ ആയപ്പോഴേക്കും 20 രാഷ്ട്രീയ കൊലപാതകങ്ങൾ സിപി എമ്മിന്റെ ഭരണനേട്ടങ്ങളിൽപ്പെട്ടെന്നും യൂത്ത് കോൺഗ്രസ്സ് ആരോപിച്ചു. പകൽ പൊതിച്ചോറും രാത്രി കൊലച്ചോറുമായാണ് സിപിഎമ്മിന്റെ പ്രപർത്തനം. തങ്ങൾക്ക് എതിരെന്നു തോന്നുന്നവരെ ഉന്മൂലനം ചെയ്യുന്നത് പ്രാകൃതഗോത്ര രാഷ്ട്രീയമാണന്നും യൂത്ത് കോൺഗ്രസ്സ് ആരോപിച്ചു.

സി പി എംമ്മിന് രാഷ്ട്രീയ സാക്ഷരത നഷ്ടപ്പെട്ടുവെന്ന് കൊല്ലത്ത് യൂത്ത് കോൺഗ്രസ്സ് സംഘടിപ്പിച്ച കൃപേഷ്ശരത്‌ലാൽ അനുസ്മരണം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡി.സിസി വൈസ് പ്രസിഡന്റ് സൂരജ് രവി പറഞ്ഞു.

യൂത്ത് കോൺഗ്രസ്സ് കൊല്ലം അസംബ്ലി പ്രസിഡന്റ് വിഷ്ണുസുനിൽ പന്തളം അദ്ധ്യക്ഷത വഹിച്ചു. പാർലമെന്റ് പ്രസിഡന്റ് എസ്.ജെ.പ്രേംരാജ്, സംസ്ഥാനസെക്രട്ടറി പ്രതീഷ് കുമാർ, കെ.എസ്.യു. ജില്ലാ പ്രസിഡന്റ് വിഷ്ണു വിജയൻ, ഡി.ഗീതാകൃഷ്ണൻ, ഷെമീർ ചാത്തിനാംകുളം, ഓലയിൽ ചന്ദ്രൻ, സച്ചിൻ പ്രതാപ്, ഹർഷാദ്, ദീപേഷ് കടവൂർ, പ്രവീൺ കൊടുംതറ, അൻസർ മങ്ങാട്, സജൻ ഗോപാലശ്ശേരി, പ്രശാന്ത്, ഗോകുൽ, ഷെഹൻഷാ തുടങ്ങിയവർ പ്രസംഗിച്ചു.

കൊല്ലത്ത് യൂത്ത് കോൺഗ്രസ്സ് സംഘടിപ്പിച്ച കൃപേഷ്, ശരത്‌ലാൽ അനുസ്മരണം സൂരജ് രവി ഉദ്ഘാടനം ചെയ്യുന്നു.

ബിഷപ്പ് ജെറോമിനെ ദൈവദാസപദവിയിലേക്ക് ഉയർത്തുന്ന ചടങ്ങ് 24 ന്

കൊല്ലം : കൊല്ലം രൂപതയുടെ ആദ്യത്തെ തദ്ദേശീയ മെത്രാനായിരുന്ന ജെറോം എം ഫെർണാണ്ടസിനെ ദൈവദാസപദവിയിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 24 ന് വൈകിട്ട് 4 ന് തങ്കശ്ശേരി കത്രീഡ്രൽ ദേവാലയത്തിൽ നടക്കുന്ന ചടങ്ങിൽ വെച്ച് കൊല്ലം ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി ജെറോം പിതാവിനെ ദൈവദാസനായി പ്രഖ്യാപിക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ചടങ്ങുകൾക്ക് ഡോ. സൂസൈപാക്യം മുഖ്യകാർമ്മികത്വം വഹിക്കും. ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലിത്താ ജോസഫ് മാർ പെരുന്തോട്ടം വചനപ്രഘോഷണം നടത്തും. ദൈവദാസ പദവി പ്രഖ്യാപനത്തിനുമുന്നോടിയായി 23 രാവിലെ 10 ന് ബിഷപ്പ് ജെറോമിന്റെ ജീവിതത്തേയും ദർശനത്തേയും ആസ്പദമാക്കി ശില്പശാല നടത്തും. എം ജി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്യും. 24 ന് രാവിലെ 6 ന് പിതാവിന്റെ ജന്മഗ്രാമമായ കോഴിവിളയിൽ നിന്നും തങ്കശ്ശേരിയിലേക്ക് കെ സി വൈ എംമ്മിന്റെ നേതൃത്വത്തിൽ പദയാത്ര നടത്തും. പിതാവിന്റെ ചരമദിനമായ 27 ന് രാവിലെ 10 മുതൽ വൈകിട്ട് 6 വരെ സന്യസ്ഥർ പ്രാർത്ഥനാശ്യംഖല തീർക്കും.

പത്രസമ്മേളനത്തിൽ ഫാ. റോമാൻസ് ആന്റണി, ഫാ. ബൈജു ജൂലിയാൻ, ഫാ. ജോസ് നെറ്റോ, സജീവ് പരിശവിള, മാർഷൽ ഫ്രാങ്ക് എന്നിവർ പങ്കെടുത്തു.

കോയിവിളയിൽ ജെറോം തിരുമേനി അനുസ്മരണം 23 ന്

ചവറ : ബിഷപ്പ് ജെറോം തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് ബിഷപ്പിന്റെ ജന്മനാടായ കോയിവിളയിൽ ഫെബ്രുവരി 23, 24 തീയതികളിൽ വിളംബരജാഥ അനുസ്മരസമ്മേളനം, വിശുദ്ധയാത്ര എന്നിവ നടത്തും. 23 ന് വൈകിട്ട് 3.30ന് വിളംബരയാത്ര തുപ്പാശ്ശേരി കടവിൽ നിന്നും ആരംഭിക്കും. വൈകിട്ട് 4.30 ന് നടക്കുന്ന ജെറോം അനുസ്മരണം ഡോ. കെ എസ് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഫാ. ജോർജ്ജ് റോബിൻസൺ അദ്ധ്യക്ഷത വഹിക്കും. ജോസ് വിമൽ രാജ്, മുഹമ്മദ് ഹാഷിം, കൈതവനത്തറ ശങ്കരൻകുട്ടി, ഐ ഷിഹാബ് എന്നിവർ സംസാരിക്കും.

മഹാസത്സംഗിൽ പങ്കെടുക്കാനായി ശ്രീ ശ്രീ രവിശങ്കർ ഹെലികോപ്റ്ററിൽ ആശ്രമം മൈതാനത്ത് എത്തിയപ്പോൾ

കെ രവീന്ദ്രൻനാഥൻ നായരുടെ സിനിമാ ജീവിതത്തിന്റെ 50-ാം ആണ്ട് ആഘോഷം 23 ന്

കൊല്ലം : കെ രവീന്ദ്രനാഥൻ നായരുടെ സിനിമാ ജീവിതത്തിന്റെ 50–ആണ്ട് കളേഴ്സ് ഫിലിംസൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആഘോഷിക്കുന്നു. ഫെബ്രുവരി 23 ന് രാവിലെ 10.30 ന് വിഖ്യാത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. കെ രവീന്ദ്രനാഥൻ നായരുടെ കൊച്ചുപിലാംമൂട്ടിലെ വസതിയായ നാണി നിവാസിലാണ് ചടങ്ങ്. സ്വാഗതസംഘം ചെയർമാൻ എൻ കെ പ്രേമചന്ദ്രൻ എം പി അദ്ധ്യക്ഷത വഹിക്കും. കാനായി കുഞ്ഞിരാമൻ മുഖ്യാതിഥി ആയിരിക്കും. കളേഴ്സ് ഉപഹാരം മേയർ വി രാജേന്ദ്രബാബു സമ്മാനിക്കും. കളേഴ്സ് പ്രസിഡന്റ് എസ് സുധീശൻ സ്വാഗതസംഘം ജനറൽ കൺവീനർ ഡോ. നടയ്ക്കൽ ശശി, സെക്രട്ടറി ആർ സഞ്ജീവ് തുടങ്ങിയവർ സംസാരിക്കും. കെ രവീന്ദ്രനാഥൻനായർ മറുപടി പ്രസംഗം നടത്തും.

അന്വേഷിച്ചു കണ്ടെത്തിയില്ല എന്ന സിനിമയുമായി സിനിമാ നിർമ്മാണ രംഗത്തേക്ക് കടന്നുവന്ന ഇദ്ദേഹം ലോക ക്ലാസ്സിക്കുകളിൽപെടുത്താവുന്ന ഒരു ഡസനിൽപരം സിനിമകൾ നിർമ്മിച്ചിട്ടുണ്ട്. അച്ചാണി സിനിമയുടെ വരുമാനത്തിൽ നിന്നാണ് കൊല്ലത്തെ സാംസ്കാരിക കേന്ദ്രമായ കൊല്ലം പബ്ലിക് ലൈബ്രറിക്ക് ജന്മം നൽകിയത്.

കൊട്ടിയത്ത് ദേശീയപാതയിൽ ആന ഇടഞ്ഞു

കൊട്ടിയം: ഉത്സവാഘോഷത്തിനിടെ ആന ഇടഞ്ഞ് ദേശീയ പാതയിലൂടെ ഓടിയത് പരിഭ്രാന്തി പരത്തി. കൊട്ടിയം ചെമ്പോട്ട് ദുർഗ്ഗാദേവി ക്ഷേത്രത്തിലെ ഉത്സവ എഴുന്നെള്ളത്തിനിടെയാണ് ആന വിരണ്ടോടിയത്. തിരുവനന്തപുരം പാലാ ടിമ്പർ ഡിപ്പോയിലെ ശ്രീകുമാർ എന്ന ആനയാണ് ഇടഞ്ഞത്. വൈകിട്ട് ഏഴ് മണിയോടെ കൊട്ടിയം മഠത്തിൽ ബാറിനു മുന്നിൽ വച്ചാണ് ആന ഇടഞ്ഞത്. ഇടഞ്ഞ ആന മുകളിലിരുന്ന യുവാവുമായി ദേശീയ പാതയിലൂടെ അര കിലോമീറ്ററോളം ഓടി കൊട്ടിയം ജംഗ്ഷനിലെത്തി. ഇതോടെ പരിഭ്രാന്തരായ ജനം ചിതറിയോടി. വാഹനങ്ങളിൽ നിന്നുൾപ്പെടെ പലരും ഇറങ്ങിയോടി.പിന്നാലെയെത്തിയ പാപ്പാൻമാർ മുള്ളുള്ള എറിഞ്ഞാണ് ആനയെ വരുതിയിലാക്കിയത്. ഇതോടെ ആനയുടെ മുകളിലുണ്ടായിരുന്ന യുവാവ് ചാടി രക്ഷപ്പെട്ടു. പാപ്പാൻമാർ ഏറെ പണിപ്പെട്ട് ആനയെ അനുനയിപ്പിച്ചശേഷം പിന്നീട് ലോറിയിൽ കയറ്റി കൊണ്ട് പോയി. സംഭവസ്ഥലത്ത് എലിഫന്റ് സ്ക്വാഡിന്റെ സാന്നിധ്യം ഇല്ലായിരുന്നതാണ് പ്രശ്നം രൂക്ഷമാക്കിയത്. ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കാതെയും സുരക്ഷാ സൗകര്യങ്ങൾ ഒരുക്കാതെയുമാണ് ക്ഷേത്ര ഭാരവാഹികൾ ആനകളെ എഴുന്നെള്ളത്തിന് എത്തിച്ചതെന്ന് ആക്ഷേപമുണ്ട്. ഭാഗ്യം കൊണ്ട് മാത്രമാണ് വൻ ദുരന്തം ഒഴിവായത്. സംഭവം നടന്നതോടെ ദേശീയ പാതയിൽ ഒരു മണിക്കൂറോളമാണ് ഗതാഗതം തടസ്സപ്പെട്ടത്. ആറ്റുകാൽ പൊങ്കാല കഴിഞ്ഞെത്തിയവർ ഉൾപ്പെടെ നിരവധിപേർ വഴിയിൽ കുടുങ്ങി. കഴിഞ്ഞ വർഷം പേഴം തുരുത്തിലെ ഉത്സവത്തിനിടെയും ഈ ആന ഇടഞ്ഞിരുന്നു.

മോട്ടോർ എക്സ്പോയ്ക്കിടെ അപകടം ; രണ്ട് വിദ്യാർത്ഥികൾക്ക് പരിക്ക്

കൊല്ലം: ബിഷപ്പ് ജെറോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയീറിംഗ് കോളേജിൽ നടന്ന മോട്ടോർ എക്സ്പോയ്ക്കിടെ കാർ പാഞ്ഞ് കയറി രണ്ട് വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. റോഷൻ, വൈശാഖ് എന്നിവർക്കാണ് പരിക്കേറ്റത്. എക്സ്പോയ്ക്കിടെ വാഹന റൈഡ് നടത്തുന്നതിനിടെ നിയന്ത്രണം വിട്ടകാർ സൈഡിൽ നിന്ന് വിദ്യാർത്ഥികൾക്കിടയിലേക്ക് ഇടിച്ചു കയറുകയായിരുന്നു. കൊല്ലം ഈസ്റ്റ് പോലീസ് കാർ കസ്റ്റഡിയിലെടുത്തു.

കൊല്ലം ഈസ്റ്റ് പോലീസ് കസ്റ്റഡിയിലെടുത്ത കാർ

കഞ്ചാവുമായി യുവാവ് പിടിയിൽ

ശാസ്താംകോട്ട: ഒരുകിലോയിലധികം കഞ്ചാവുമായി മാവേലിക്കര ചൂനാട് സ്വദേശിയായ റിയാസ്(24)നെ ശാസ്താംകോട്ട എക്സൈസ് പാർട്ടി പിടികൂടി. തൊടിയൂർ പാലത്തിനു സമീപം വച്ചാണ് ഇയാൾ പിടിയിലായത്.കമ്പത്ത് നിന്നും വാങ്ങുന്ന കഞ്ചാവുമായി ട്രെയിൻ മാർഗ്ഗം തിരക്കു കുറവായ ശാസ്താംകോട്ട റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ ശേഷം ആലപ്പുഴ ഭാഗത്തേക്ക് ബസ്സ് മാർഗ്ഗം പോകുകയായിരുന്നു പതിവ്. തിരക്കേറിയ സ്റ്റേഷനുകളിലെ പൊലീസ്,എക്സൈസ് പരിശോധന ഭയന്നാണ് ശാസ്താംകോട്ടയിൽ ഇറങ്ങുന്നതത്രേ.

ലൈബ്രറി കൗൺസിലിന്റെ വാട്സാപ്പ് ഗ്രൂപ്പിൽ സിപിഐ നേതാവ് അശ്ലീല വീഡിയോ പോസ്റ്റ് ചെയ്തായി ആരോപണം

ശാസ്താംകോട്ട: ലൈബ്രറി കൗൺസിൽ കുന്നത്തൂർ താലൂക്ക് കമ്മിറ്റിയുടെ ഔദ്യോദിക വാട്സാപ്പ് ഗ്രൂപ്പിൽ സിപിഐ നേതാവ് അശ്ലീല വീഡിയോ പോസ്റ്റ് ചെയ്തതായി ആരോപണം. വനിതകളടക്കം 150 ഓളം പേർ അംഗങ്ങളായിട്ടുള്ള ഗ്രൂപ്പിൽ ഇന്നലെയാണ് വീഡിയോ പ്രത്യക്ഷപ്പെട്ടത്.സിപിഐ ശൂരനാട് മണ്ഡലം നേതാവും ചില ബഹുജന സംഘടനകളുടെ ഭാരവാഹിയുമായ ആളാണ് വീഡിയോ പോസ്റ്റ് ചെയ്തതെന്നാണ് ആരോപണം.

ലൈബ്രറി കൗൺസിൽ ഭാരവാഹികൾ, ലൈബ്രേറിയൻമാർ,കലാ, സാംസ്ക്കാരിക,സാഹിത്യ മേഖലകളിലെ പ്രമുഖർ,വനിതകൾ ഉൾപ്പെടെയുള്ളവരാണ് ഗ്രൂപ്പിലെ അംഗങ്ങൾ.ലൈബ്രറികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അറിയിപ്പുകൾ,മീറ്റിങ്ങുകൾ അടക്കമുള്ളവ അംഗങ്ങളെ അറിയിക്കുന്നതിനു വേണ്ടിയാണ് ഈ ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്.സിപിഎം, സിപിഐ എന്നീ പാർട്ടികളുടെ നേതാക്കന്മാരും അനുഭാവികളും മാത്രമടങ്ങുന്ന ഗ്രൂപ്പിൽ അശ്ലീല വീഡിയോ പ്രത്യക്ഷപ്പെട്ടതോടെ നിരവധി പേർ ലെഫ്റ്റ് ആകുകയും നേതൃത്വത്തെ പ്രതിഷേധം അറിയിക്കുകയും ചെയ്തിട്ടുണ്ട്.ഇതിൽ വനിതകളാണ് ഏറെയും.അതിനിടെ നേതാവിന്റെ മസാല വീഡിയോ സിപിഐയും സിപിഎമ്മും തമ്മിലുള്ള കലഹം മറനീക്കി പുറത്തു വരുന്നതിനും ഇടയാക്കിയിട്ടുണ്ട്.

ഇരു പാർട്ടികളും പരസ്പരം മത്സരിച്ച് ലൈബ്രറികൾ സ്ഥാപിക്കുകയും അവയുടെ ഭരണം പിടിച്ചെടുക്കുകയും ചെയ്യുന്നത് പതിവാണ്.ലോക സഭാ തെരഞ്ഞെടുപ്പ് ആസന്നമായ ഘട്ടത്തിൽ സിപിഐയിൽ തന്നെ തർക്കങ്ങളും അഭിപ്രായ ഭിന്നതകളും രൂക്ഷമാകാൻ നേതാവിന്റെ വീഡിയോ കാരണമായി തീർന്നിട്ടുണ്ട്.

നേതാവിനെതിരെ കടുത്ത നടപടി കൈക്കൊള്ളുമെന്നാണ് അറിയുന്നത്.ഏതാനും മാസം മുമ്പ് കുന്നത്തൂർ മണ്ഡലത്തിൽ നിന്നുള്ള സിപിഐ ജില്ലാ സെക്രട്ടറിയേറ്റ് അംഗത്തിനെതിരെ സിപിഐയിലെ ഒരു വിഭാഗം തന്നെ സ്ത്രീ വിഷയം ഉന്നയിച്ച് വ്യാപകമായി നോട്ടീസ് പ്രചരിപ്പിച്ചിരുന്നു.മാവേലിക്കര പാർലമെന്റ് സീറ്റ് ഈ നേതാവിന് ലഭിക്കാതിരിക്കാൻ വേണ്ടിയാണ് നോട്ടീസ് പ്രചരിപ്പിച്ചതെന്ന് നേതാവിനെ അനുകൂലിക്കുന്നവർ ആരോപണം ഉയർത്തിയിരുന്നു. തെരഞ്ഞെടുപ്പ് കാലത്ത് സിപിഐയിൽ കടുത്ത വിഭാഗീയതയാണ് ഉടലെടുത്തിരിക്കുന്നത്

അയൽവാസിയുടെ വെട്ടേറ്റ യുവാവിന്റെ നില ഗുരുതരം: പ്രതി അറസ്റ്റിൽ

ശാസ്താംകോട്ട: അയൽവാസിയുടെ വെട്ടേറ്റ യുവാവിന്റെ നില ഗുരുതരം.വെൽഡിംഗ് തൊഴിലാളിയായ ശൂരനാട് തെക്ക് ആയിക്കുന്നം പ്രദീപ് ഭവനത്തിൽ പ്രശാന്ത്(33) നാണ് തലയ്ക്ക് വെട്ടേറ്റത്.തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്ന പ്രശാന്ത് അപകടനില തരണം ചെയ്തിട്ടില്ല.സംഭവവുമായി ബന്ധപ്പെട്ട് അയൽവാസിയായ തേജസിൽ മോഹനൻപിള്ള (45) യെ ശൂരനാട് പൊലീസ് അറസ്റ്റ് ചെയ്തു.കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

പ്രശാന്തിന്റെ വീട്ടിലേക്കുള്ള വഴിയുടെ അതിർത്തി സംബന്ധിച്ച് മോഹനൻ പിള്ളയുമായി നേരത്തെ മുതൽ തർക്കം നിലനിന്നിരുന്നു.കഴിഞ്ഞ ദിവസ്സം വൈകിട്ട് 6 ഓടെ പ്രശാന്ത് രണ്ട് സുഹൃത്തുക്കൾക്കൊപ്പം വഴിക്ക് സമീപത്ത് നിന്ന് സംസാരിച്ചുകൊണ്ടു നിൽക്കെ മോഹനൻ പിള്ള ഇവരുടെ സമീപമെത്തി വാക്കേറ്റത്തിൽ ഏർപ്പെട്ടു.ഇതിനിടെ പിന്നിലൊളിപ്പിച്ച വെട്ടുകത്തി എടുത്ത് പ്രശാന്തിനെ ആക്രമിക്കുകയുണ്ടായി.തലയ്ക്ക് ആഴത്തിൽ മുറിവേറ്റ പ്രശാന്തിനെ ഭരണിക്കാവിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിക്കുകയായിരുന്നു.

നഷ്ടപ്പെട്ടു

എന്റെ KL-02-AS-7080 രജിസ്റ്റർ നമ്പറുള്ള 2014 M/ Car Maruti Swift ന്റെ ആർ. സി ബുക്ക് യാത്രാമധ്യേ നഷ്ടപെട്ടുപോയിട്ടുള്ളതാണ്. പകരം ഡ്യൂപ്ലിക്കേറ്റ് ആർ. സി ബുക്ക് എടുക്കുന്നതിന് ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം കൊല്ലം ആർ. റ്റി. ഓഫിസുമായി ബന്ധപ്പെടുക.

എന്ന്,
Varghes Koshy, H. No.1
Lions Nagar, Mundakkal
West, Kollam- 691001,
Mob: 9447747900

കൊല്ലം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 960
കൊല്ലം – 691 001
കരസ്ഥപ്പെടുത്തൽ നോട്ടീസ്

ദി സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സമെന്റ് റൂൾ) 8 (1) (2) പ്രകാരം

1) സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് & എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (Act 54/2002) പ്രകാരം അധികാരം കിട്ടിയിട്ടുള്ള കൊല്ലം സഹകരണ അർബൻ ബാങ്കിന്റെ ഉദ്യോഗസ്ഥ എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ആക്ട് 2002 സെക്ഷൻ 13 (2) റൂൾ 3 പ്രകാരം വായ്പാക്കാരായ 1) കൊല്ലം പെരിനാട്, ചെമ്മക്കാട്.പി.ഒ യിൽ സൗപർണ്ണികയിൽ ശ്രുതിരാജ് ഭാര്യ ആര്യ. ആർ.എസ്. 2) ടിയിൽ രാഘവൻ മകൻ ശ്രുതിരാജ്. 3) ടിയിൽ ചെല്ലമ്മ മകൻ സുധാകരൻ.കെ.ആർ എന്നിവർക്ക് 3,66,010/– (മൂന്നു ലക്ഷത്തി അറുപത്തി ആറായിരിത്തി പത്ത് രൂപ മാത്രം) പലിശയും മറ്റ് ചെലവുകളും കൂടി 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് 21–10–2017 ൽ രജിസ്ട്രേർഡ് പോസ്റ്റിൽ അയച്ചിരുന്നു.

2) ടി വായ്പതുക പ്രസ്തുത സമയത്തിനകം അടയ്ക്കുവാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 14 (1) വകുപ്പ് പ്രകാരം കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ എം.സി നം. 319/2018 ആയി ഹർജി ബോധിപ്പിച്ച് ബഹു. കോടതിയിൽ നിന്ന് നിയമിതനായ അഡ്വക്കേറ്റ് കമ്മീഷണർ മുഖാന്തിരം താഴെ പട്ടികയിൽ വിവരിക്കുന്ന സ്ഥാവരവസ്തു 16–02–2019 ൽ ടി ബാങ്ക് കരസ്ഥപ്പെടുത്തിയിരിക്കുന്നതായ